4. സംസ്ഥാനത്തെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളെയും ഇന്റർനെറ്റ് അധിഷ്ഠിതമാക്കുന്നതിനായുള്ള നെറ്റ്‌വർക്കിംഗ് പദ്ധതി ഒരു വർഷത്തിനകം പൂർത്തിയാക്കൽ.

(ബി) ഒരു വർഷത്തിൽ താഴെ കാലയളവിലേക്കുള്ള ബാധ്യതാ സർട്ടിഫിക്കറ്റുകൾ അപേക്ഷാ തീയതിയിൽതന്നെ നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. മേൽ വിവരിച്ച മറ്റ് പദ്ധതികളുടെയെല്ലാം നടപടികൾ പുരോഗമിച്ചുവരികയാണ്. 2014-15 ബഡ്ജറ്റിൽ വകയിരുത്തിയതല്ലാതെ ഇതു ഇതിനായി വിനിയോഗിച്ചിട്ടില്ല.

(സി) മേൽ വിവരിച്ച എല്ലാ പദ്ധതികളുടെയും നടപടികൾ പുരോഗമിച്ചു വരികയാണ്.

ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി സ്കൂളുകളിൽ അസംബ്ലിഹാൾ നിർമ്മിക്കുന്നതു സംബന്ധിച്ച്

243 (1287) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി സ്കൂളുകളിൽ അസംബ്ലിഹാൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രോജക്ട് മാസങ്ങൾ മുമ്പേ പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സ് അധികൃതർക്ക് നൽകിയിട്ടും എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

തൃക്കരിപ്പൂർ മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 8 സ്കൂളുകളിൽ അസംബ്ലിഹാൾ നിർമ്മിക്കുന്നതിനായി 120 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 2-12-2014-ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിച്ചതിൽ ചില ന്യൂനതകൾ കണ്ടെത്തിയതിനാൽ പ്രസ്തുത എസ്റ്റിമേറ്റ് 21-1-2015-ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ തിരിച്ചയച്ചിരിക്കുകയാണ്. പൂരിപ്പിച്ച എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് മേൽ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly